(ഡി&ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നടത്തുന്നതിൽ ഇപ്പോൾ നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

26 (2129) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പല വകുപ്പുകളിലും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 13-10-2003-ൽ അവസാനിക്കുന്ന ഈ ലിസ്റ്റിൽ പ്രായപരിധി കഴിഞ്ഞവരാണ് കൂടുതൽ എന്ന കാര്യം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

27 (2130) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പി. എസ്. സി.-യുടെ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ എത്ര പേർക്ക് നിയമനം നൽകി ;

(സി) നിയമനം നൽകിയില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(ഡി) ഇപ്പോൾ വിവിധ വകുപ്പുകളിലായി എത്ര എൽ.ഡി.ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ട് ;

(ഇ) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ്ഗ്രേഡ് തസ്തികകളിലേക്ക് പരമാവധി നിയമനം നൽകാൻ നടപടി

28 (2131) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലിസ്റ്റ് നിലവിൽ വന്നത് ; എത്രപേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത് ; എത്ര പേർക്ക് നിയമനം നൽകി ;

(സി) ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; കാലാവധി അവസാനിക്കുന്നതിനുമുമ്പ് പരമാവധി പേർക്ക് നിയമനം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് നിയമനത്തിനുള്ള സംവരണം

29 (2132) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് കാട്ടവഴി പത്തു ശതമാനം സംവരണം തീരുമാനമുണ്ടെങ്കിൽ ഇപ്പോൾ 5 ശതമാനം മാത്രമേ നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംവരണം പത്തു ശതമാനം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ ജില്ലയിലും ഡിപ്പാർട്ട്മെന്റ് കാട്ട വഴി എൽ.ഡി.സി. നിയമനം കാത്തു കഴിയുന്നവരുടെ എണ്ണം എത്ര എന്നറിയിക്കാമോ ;

(ഡി) തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ്-2 ആയി നിയമനത്തിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 4 വർഷം സർവീസും 40 വയസ് കഴിയാൻ പാടില്ല എന്നുള്ള നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് കാട്ട വഴി അഞ്ച് ശതമാനം സംവരണമേ നിലവിലുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly